# സന്മാർഗമാല

പന്തളം കേരളവർമ്മ

# സന്മാർഗമാല

**കവിതാസമാഹാരം**

## പന്തളം കേരളവർമ്മ

**താളിളക്കം**

**2020**

പേര്: **സന്മാർഗമാല**

ഭാഷ മലയാളം

വിഭാഗം: കവിതാസമാഹാരം

രചന: പന്തളം കേരളവർമ്മ

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

ടൈപ്പിങ്: പി സന്തോഷ്, ദിവ്യ ജാഹ്നവി, ശിവകുമാർ ആർ പി

ലെഔട്ട് ഡിസൈൻ: പ്രവീൺ വർമ്മ

കോപ്പിലെഫ്റ്റ്:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

# പന്തളം കേരളവർമ്മ

പുത്തൻകോയിക്കൽ അശ്വതിതിരുന്നാൾ തമ്പാംഗി തമ്പുരാട്ടിയുടെയും കോട്ടയം പുതുപ്പള്ളി തൃക്കോതമംഗലം പെരിഞ്ഞേലി ഇല്ലത്ത് വിഷ്ണു നമ്പൂതിരിയുടെയും മകനായി സാഹിത്യപാരമ്പര്യമുള്ള പന്തളം രാജകുടുംബത്തിൽ 1879 ജനുവരി 22-നു കേരളവർമ്മ ജനിച്ചു. പാരമ്പര്യരീതിയിലുള്ള സംസ്കൃതവിദ്യാഭ്യാസം നേടിയ അദ്ദേഹം കുട്ടിക്കാലത്തുതന്നെ കവിതാരചന ആരംഭിച്ചിരുന്നു. പരസ്യവും വാർത്തയുമുൾപ്പടെ എല്ലാം പദ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'കവനകൗമുദി'യുടെ ഉടമസ്ഥനും പത്രാധിപരും പന്തളം കേരളവർമ്മയായിരുന്നു. രുക്മാംഗദചരിതം മഹാകാവ്യം, വിജയോദയം, കഥാകൗമുദി, വഞ്ചീശതകം, മാർത്താണ്ഡദേവോദയം, സൂക്തിമാല, വേണീസംഹാരം, ദൂതവാക്യം, ഭാഗീരഥീ വഞ്ചിപ്പാട്ട്, ശബരിമലയാത്ര, ഭുജംഗസന്ദേശം തുടങ്ങിയവയാണ് പ്രധാനകൃതികൾ. ദൈവമേ കൈതൊഴാം, കളിക്കുട്ടി, ആന തുടങ്ങി ഒട്ടേറെ ബാലകവിതകളും രചിച്ചിട്ടുണ്ട്. അവയിൽ ചിലത് പന്തളം കേരളവർമ്മയുടെ ബാലകവിതകൾ' എന്ന പേരിൽ എസ് രവികുമാർ സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ ശ്രീമൂലം വിലാസം മോഡൽ (SMV) സ്കൂളിൽ ഭാഷാദ്ധ്യാപകനായിരുന്നു. തിരുവിതാംകൂർ രാജാവിന്റെ വിദ്വത്സദസ്സിൽ അംഗമായിരുന്ന കേരളവർമ്മയ്ക്ക് കൊച്ചീരാജാവ് 'കവിതലകൻ' എന്ന ബിരുദം സമ്മാനിച്ചിട്ടുണ്ട്. 1919 ജൂൺ മാസം 11-നു, നാല്പതാമത്തെ വയസ്സിൽ അദ്ദേഹം അന്തരിച്ചു. 'പന്തളം കേരളവർമ്മയുടെ തെരെഞ്ഞെടുത്ത കൃതികൾ' രണ്ടു വാല്യങ്ങളായി 1979-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കവിതാരംഗത്തെയും മാധ്യമരംഗത്തെയും പ്രമുഖരെ ആദരിക്കുന്നതിനായി അദ്ദേഹത്തിന്റെ ഓർമ്മയിൽ 'മഹാകവി പന്തളം കേരളവർമ്മ പുരസ്കാരം' നൽകി വരുന്നു.

**ടൈപ്പിങ്**



**പി സന്തോഷ്**

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സ്വദേശി

അലനല്ലൂർ ഗവ.ഹയർ ഹയർസെക്കൻഡറി സ്കൂളിൽ മലയാളാധ്യാപകനായി ജോലിചെയ്യുന്നു.



**ദിവ്യ ജാഹ്നവി**

തിരുവനന്തപുരം സ്വദേശി.

ഗവ. നളന്ദ ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപികയായി ജോലി ചെയ്യുന്നു.

ആനുകാലികങ്ങളിൽ കവിതയും ലേഖനങ്ങളും എഴുതുന്നു.



**ശിവകുമാർ ആർ പി**

തിരുവനന്തപുരത്ത് താമസം.

കരകുളം ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകൻ.

ആനുകാലികങ്ങളിലും സോഷ്യൽമീഡിയകളിലും ലേഖനങ്ങൾ എഴുതുന്നു.

# സന്മാർഗമാല

## പന്തളം കേരളവർമ്മ

### ഉള്ളടക്കം


ദൈവഭക്തി

പിതൃഭക്തി

സത്യം

പരോപകാരം

വിദ്യ

വിവേകം

സൗശീല്യം

കൃതജ്ഞത

ഐകമത്യം

വിനയം

സദാചാരം

ശുചിത്വം

ഉത്സാഹം

പൗരുഷം

**ദൈവഭക്തി**

നമ്മെ സൃഷ്ടിച്ചു വേണ്ടുന്ന
നന്മ നൽകുന്ന ദേവനിൽ
തന്മനം ചേർത്തു നാം പർത്താൽ
തിന്മയെല്ലാമകന്നു പോം.

പകലും രാവുമെന്നല്ല
മഴയും വേനലും വരും
പിഴപറ്റാതെയീവണ്ണ-
മഴകിൽ ചേർപ്പതാരുവാൻ.

മലയും പല സസ്യങ്ങൾ
വിളയും നല്ല ഭൂമിയും
നിലവും നദിയും നിത്യം
നിലനിർത്തുന്നിതേതവൻ?

പശുപക്ഷിമൃഗാദിക്കും
കുശലത്തെ വരുത്തുവോൻ
കരുണാമൂർത്തിയദ്ദൈവം
കരുതേണ്ടവനാർക്കുമേ.

പാലിക്കും ദേവനിൽ തെല്ലു
പോലും ഭക്തിപെടാത്തവൻ
കാലിക്കൂട്ടത്തിനേക്കാളും
കേവലം നന്ദി കെട്ടവൻ.

ഭുവനാധീശനെബ്ഭക്തി
ബഹുമാനത്തോടെപ്പോഴും
ഭാവനം ചെയ്വവർക്കാപൽ-
ഭവമാം ഭീതി വന്നിടാ.

ആപത്തു പലതും നമ്മൾ-

ക്കാപതിക്കാമതൊക്കെയും
ആശുദൂരത്തകന്നിടാ-
നീശനേത്താണു കൂപ്പണം.

ഉലകിൽ ദൈന്യമോടെന്നും
വലയാതെയിരിക്കുവാൻ
കുലദൈവത്തോടർത്ഥിച്ചാൽ
ഫലമുണ്ടായിടും ദൃഢം.

ഇക്കണ്ട ലോകമഖിലത്തെയുമിപ്രകാര-
മുൾക്കൊണ്ടമോദമൊടുതീർത്തു ഭരിച്ചിടുന്നോൻ
ചൊൽക്കൊണ്ട ദൈവമടിതാരിണ കൂപ്പുവോരേ
കൈക്കൊണ്ടിടും കുശലമജ്ജനതയ്ക്കുദിക്കും.

## പിതൃഭക്തി

പുച്ഛത്തിനന്യർക്കിടമേകിടാതെ-
യിച്ഛയ്ക്കിണങ്ങും വിധമൊക്കെ നൽകി
അച്ഛസ്വഭാവത്തൊടു കാത്തുപോരു-
മച്ഛൻ നമുക്കൊക്കെ നിഷേവ്യനല്ലേ?

നമ്മേച്ചുമന്നിങ്ങനെപത്തുമാസം
വന്മാലൊടും പെറ്റു വളർത്തിയേവം
ചെമ്മേ ഭരിക്കുന്നൊരു സാധുവാകു-
മമ്മയ്ക്കെഴും കാലിണകുപ്പണം നാം

മാതാവുമത്താതനുമിഷ്ടമോടു
ജാതാദരം കാത്തുവരുന്നമൂലം
ഓതാവതല്ലാത്തസുഖത്തെയീനാ-
മേതാകിലും പൂണ്ടുവസിച്ചിടുന്നു.

പെറ്റുള്ളമാതാവിനുമേതുമട്ടും
പോറ്റുന്നൊരത്താതനുമുള്ളവണ്ണം
മറ്റുള്ള ബന്ധുക്കളിലാർക്കുമോർത്താൽ
ചെറ്റും ഹൃദിസ്നേഹമുദിക്കയില്ല

നന്മയ്ക്കുചേരുംപടിവേണ്ടതെല്ലാം
നമ്മൾക്കു നൽകിക്കുശലം വളർത്താൻ
അമ്മയ്ക്കുമുണ്ടച്ഛനുമിച്ഛപാര-
മമ്മട്ടിലന്യർക്കു വരുന്നതാണോ?

മാതാപിതാക്കൾക്കുടയോരുകാൽത്താ-
രേതും മടിക്കാതെ വണങ്ങി നിത്യം
ഏതാകിലും തത്പ്രിയമാചരിച്ചു
വീതാമയം വാഴുമവൻ കൃതാർത്ഥൻ

അമ്മേത്തൊഴാമച്ഛനെഴുന്ന കാൽത്താർ

നമ്മേത്തുണയ്ക്കട്ടെയിവണ്ണമെന്നും
ചെമ്മേ നിനയ്ക്കുന്നവർ ഭാഗ്യസൗധ-
ത്തിന്മേൽകരേറിസ്സുഖമാവസിക്കും.

## സത്യം

മർത്ത്യരിൽ പ്രിയമണച്ചിടുന്ന സൽ
കൃത്യമുണ്ടു പലതെന്നിരിക്കിലും
നിത്യവും കുശലമേകിടുന്നതാം
സത്യമാണു സകലത്തിലും വരം.

വിത്തമല്ല,കുലമല്ല,കാന്തിയോ-
ടൊത്ത രൂപഗണമല്ല പാരിതിൽ
സത്തുകൾക്കു വിജയത്തെ നേടുവാൻ
സത്യമാണു വലുതായ സാധനം.

പാരിലൊക്കെ വിളികൊണ്ടിടുന്ന നൽ-
പ്പേരു ചേരുമതിനിദ്ധരിത്രിയിൽ
നേരുതന്നെ ഗതിയെന്നു നാം സദാ
നേരമോർക്കണമതാണു ശോഭനം.

സത്യമൊന്നിനെ മറച്ചു നാം മഹാ
കൃത്യമിന്നു തുടരുന്നതാകിലും
പൂർത്തിയായ് ഫലമുദിച്ചിടാവലം
ചേർത്തിടാത്ത മരമെന്ന മാതിരി.

ശങ്കയെന്തിനിഹ സത്യമാം ധനം
തങ്കരത്തിലിയലുന്ന പൂരുഷൻ
സങ്കടം ചെറുതുമേറ്റിടാതെ നൽ-
ത്തിങ്കളൊത്ത പുകൾ പൂണ്ടുവാണിടും.

തുല്യരാകിയൊരു കൂട്ടരൊത്തു ചേർ-
ന്നുല്ലസിച്ചു കളിയാടിടുമ്പൊഴും
തെല്ലുമേ കളവു ചൊല്ലിടാത്തവൻ
നല്ല പോലറിക യോഗ്യനായ് വരും.

നേരു കെട്ടവനു മറ്റുസൽഗുണം

ചേരുമെങ്കിലുമുയർച്ച വന്നിടാ
വേരുപൊട്ടിയ മരത്തിനെപ്പൊഴും
നീരുവീഴ്ത്തുകിലെഞ്ഞുവാൻ ഫലം?

സത്യമാണു ബഹുമാന കാരണം
സത്യമാണു വിജയൈക സാധനം
സത്യമൊന്നു വെടിയാത്ത പൂരുഷൻ
സ്തുത്യനായി വരുമില്ല സംശയം.

## പരോപകാരം

തന്നാൽ കഴിയും പ്രകാരങ്ങളെല്ലായ്പ്പൊഴു
മന്യർക്കുപകാരമാചരിച്ചീടണം
നന്നായ് പലതുണ്ട് സൽകർമ്മമിന്നതി-
ലൊന്നാമതത്രേ പരോപകാരവ്രതം.

മറ്റൊരുത്തർക്കൊന്നുനൽകിയാലായതു
മുറ്റുമിരട്ടിച്ചു പിന്നെത്തനിക്കു താൻ
തെറ്റെന്നിയേ വന്നുചേർന്നിടുമെന്നതിൽ
ചെറ്റുമേ സംശയിപ്പാനില്ല നിർണ്ണയം

പൊങ്ങും കഠോരമാം സൂര്യന്റെ ചൂടനേ-
ത്താങ്ങിത്തലകൊണ്ടു താഴെ നിൽപ്പോർക്കുതാൻ
തങ്ങും നിഴലാൽ തണുപ്പു നൽകിശ്ശുഭം
തങ്ങൾക്കു നേടുന്നു വൃക്ഷങ്ങൾക്കൂടിയും.

കണ്ടദിക്കിൽച്ചെന്നു പുല്ലും ജലങ്ങളും
വേണ്ടവണ്ണം താനാശിച്ചു പശുക്കളും
കൊണ്ടാടിയേറ്റം ചുരത്തുന്ന പാലിനാ-
ലുണ്ടാക്കിടുന്നു പരോപകാരം പരം

എണ്ണമറ്റീടും പുരാണങ്ങളെക്കൊണ്ടു
വർണ്ണിച്ചിടുന്നെലെത്രയും സാരമായ്
ഗണ്യമായീടും പരോപകാരമാം മഹാ
പുണ്യമൊന്നാണതു ബോധിക്കിനേവരും.

അയ്യായിരംകോടി നെല്ലും പണങ്ങളു-
മയ്യാരസംകയ്യിലുണ്ടെന്നിരിക്കിലും
ഇയ്യാളുകൾക്കു പകരം ചെറുതുമേ
ചെയ്യാത്തവനെ നാം മാനിച്ചിടാദൃഢം

ചൊല്ലുവാനെന്തഹോ നിസ്സാരമാകുന്ന

പുല്ലും പരന്മാർക്കുപകരിച്ചീടുന്നു
നെല്ലും പണവും പരോപകാരത്തിനായ്
തെല്ലും മടിക്കാതെ നാം ചെലവാക്കണം

## വിദ്യ

ക്ഷതിയൊന്നിലുമാർന്നിടാതെ മർത്യർ-
ക്കതിവൈശിഷ്ട്യമിയറ്റിടുന്നവിദ്യേ!
മതിമൽപ്രിയമായ നീ കനിഞ്ഞാൽ
മതി ഞങ്ങൾക്കതു ചാരിതാർഥ്യമായി.

അറിവേതുമനുഷ്യനാർന്നിടുന്നോ
കുറവേതും കലരാതെയാമനുഷ്യൻ
നിറമാർന്നൊരു കീർത്തിമന്നിലെങ്ങും
നിറയുംമട്ടിൽ വിശിഷ്ടനായഭവിക്കും.

തുലയറ്റൊരു വിത്തമാർന്നവൻതൻ
നിലയത്തിൽ ബഹുമാന്യനായിരിക്കും
ഉലകത്തിലശേഷവും വിശേഷോ-
ജ്ജ്വല സമ്മാന്യതപണ്ഡിതന്നുമാത്രം.

വിരുതോട്ടു മനുഷ്യർ മാന്യരായി-
ബ്ബിരുദശ്രേണികളും മുറയ്ക്കുനേടി
പുരുവാംസചിവേന്ദ്രപട്ടമോടും
മരുവീടുന്നതു വിദ്യമൂലമല്ലോ.

നിജദേശമതന്യദേശമെന്നും
വിജനം താനതു സൽസമാജമെന്നും
സ്വജനം പരരെന്നുമുള്ള ഭേദം
സുജനശ്ലാഘി സുധിക്കുകാൺകയില്ല.

ഉലകിൽ ബഹുഭാരമാത്രമോർത്താൽ
ഫലമറ്റുള്ളൊരു മൂഢനുള്ളജന്മം
പല നന്മകൾ ചേർത്തിടുന്ന വിദ്യാ-
ബലമാർന്നുള്ളവനാണു ധന്യശീലൻ.

ഒരുലേശവുമിന്നു വിദ്യചേരാ-

ത്തൊരുമർത്ത്യൻ പശുതുല്യനെന്നുതന്നെ
ഒരുപോലെ പുരാണപണ്ഡിതന്മാ-
രരുളീടും മൊഴിപാഴിലാകയില്ല.

സകലാദ്യതയായ വിദ്യയേത്താൻ
മികവോടും മടിവിട്ടുനാം പഠിച്ചാൽ
അകതാരിലനല്പമോദവും നൽ-
പ്പുകളും പുണ്യവുമെണ്ണമറ്റദിക്കും.

## വിവേകം

ആശുകാരിതജനത്തിനു പാർത്താൽ
മോശമാണതിനെ നാം തുടരൊല്ല.
ആശയത്തിനു വിവേകമുയർന്നാൽ
ക്ലേശമേതുമവനേൽക്കുകയില്ല.

കേട്ടപാതിയതിലേക്കു ശിരസ്സും
കാട്ടിനാമുടനെയേറ്റു പിടിച്ചാൽ
ഗോഷ്ഠിയായി വരുമേതിനുമേമുൻ
കൂട്ടിയോർക്കണമതാണു വിവേകം.

നന്മതിന്മകളെ വേണ്ടവിധത്തിൽ
തന്മനസ്സിൽ നിരുപിച്ചൊരുശേഷം
സമ്മതം വരികിലേ ഭുവിചെയ്യും
കർമമൊക്കെയൊരുപോലെ ഫലിക്കൂ.

ഒന്നു കേട്ടു ജവമൊന്നു തുടർന്നാ-
ലെന്നുമായതു ഫലത്തിൽ വരില്ല
വന്നുചേരുമൊരു പോലവിവേകി
ക്കിന്നു ഹന്തവിപരീത ഫലങ്ങൾ.

ചോടുതൊട്ടഖിലവും നിരുപിച്ചും
കേടിനുള്ള വഴിമാറ്റിയുറച്ചും
ആടലെന്നിയെ മനുഷ്യർ വിവേക-
ത്തോടു ചെയ്‌വതു മുറയ്ക്കു ഫലിക്കും.

കാമകോപമദമോഹഗണത്തിൻ
ഭീമബാധയെയകറ്റുവതിന്നും
ക്ഷേമദംഹൃദി വിവേകമിയന്നാ
ലാമനുഷ്യനൊരു യത്നവുമില്ല.

ഹൃത്തിലമ്പൊടു വിവേകമുദിച്ചേ-

സ്വസ്തിസർവജനതയ്ക്കുമുദിക്കു
അസ്ഥിതിക്കു സുകൃതത്തറ കെട്ടാ-
നസ്തിവാരമതുതാനറിയേണം.

ശങ്കയെന്തിനു വിവേകമെവർക്കും
സങ്കടത്തിനു മഹൗഷധമല്ലോ
പങ്കമറ്റൊരു വിവേകിയെ നൽപ്പൂ-
മങ്കയും പ്രണയമോടു വരിക്കും.

## സൗശീല്യം

### ഒരു കൃഷ്ണഗാഥാ രീതി

നന്മയ്ക്കുഹേതുപലതെന്നിരിക്കിലും
നമ്മൾക്കു സൗശീല്യമൊന്നുപോരും
നിർമ്മലമാകിയ ശീലത്താലേവർക്കും
സമ്മതമുണ്ടാക്കിത്തൃപ്തി നേടാ.

ശീലം പിഴയ്ക്കാതെ സൂക്ഷിച്ചിരിച്ചോർക്കു
ശ്രീലക്ഷ്മീദേവി ചപലയല്ലാ
കാലം പിഴച്ചെന്നു ഘോഷിച്ചുദുർമ്മാർഗ-
മാലംബിച്ചീടുന്നതജ്ഞരല്ലോ.

ചൊല്ലാളീടുന്നൊരു സൽ സ്വഭാവത്തിനാ-
ലെല്ലാജ്ജനങ്ങളും വശ്യരാകും
നല്ലവനെന്നൊരു നാമവിശേഷവു-
മുല്ലാസസ്ഫൂർത്തിയുമുണ്ടായീടും.

ദുശ്ശാഠ്യം, ദുർബുദ്ധി, ദുർവാക്കുതൊട്ടുള്ള
ദുശ്ശീലം ചേരുന്ന മാനവന്മാർ
നിശ്ശേഷലോകർക്കും നിന്ദ്യരായ്ത്തീരുന്നു
ദുശ്ശാസനാദികളെന്നപോലെ.

മദ്യത്തെ സേവിച്ചും സജ്ജനദ്രോഹത്തി
ലുദ്യുക്തരായി ഭുവിച്ചുമേറ്റം
വർത്തിക്കും മർത്ത്യന്മാർ ഘോരസർപ്പത്തേക്കാൾ
വർജ്ജ്യന്മാരെന്നു കരുതീടേണം.

സജ്ജനസംസർഗംകൊണ്ടുനാം വേണ്ടതിൽ
സജ്ജരായ് തീരുന്നപോലെതന്നെ
ദുർജ്ജനത്തോടൊത്തു വാഴുകിലെന്നുമേ
വർജ്ജ്യരായ് വന്നു പോമില്ല വാദം.

സത്യം ജയിക്കട്ടെ സൗശീല്യമാരിലു-
മത്യന്തം പൂർത്തിയായ് വർത്തിക്കട്ടെ
സത്തായിശ്ശോഭിക്കും സാധ്യസ്വഭാവത്താൽ
സത്തുക്കളെങ്ങും വിളങ്ങിടട്ടെ.

## കൃതജ്ഞത

ഒരുവനിങ്ങു തനിക്കുപകാരമൊ
ന്നൊരുവിധത്തിൽ നടത്തുകിലെന്നുമേ
ചെറുതുമായതുമാനസമേ മറ-
ക്കരുതു നീ കരുതീടണമിന്നതും.

പ്രതിഫലേച്ഛയൊടല്ല നമുക്കു സ-
ന്മതികൾ വല്ലതുമേകുവതെങ്കിലും
അതിനു തക്കതു ചെയ്യിനായി നാ-
മതിരസത്തൊടുനോക്കണമെപ്പോഴും.

ഉപകരിച്ചവനെ പ്രിയമോടു നാ-
മുപചരിക്കണമേതുവിധത്തിലും
ഉപകൃതി സ്മൃതിപൂണ്ടുവസിപ്പതാ
ണപരിയായ് ശുഭസാധനമേവനും.

ഒരു സഹായമൊരിക്കലൊരുത്തനി
ങ്ങരുളിയാലതു നാം മൃതിയോളവും
കരുതി വാഴുകിലന്യജനങ്ങളും
കരുണപൂണ്ടു നമുക്കു തുണച്ചിടും.

ഉരുളയൊന്നു ലഭിക്കുകമൂലമായ്
പെരുതുനന്ദി വെറും ശുനകങ്ങളും
കരുതലോടിഹ കാട്ടിവരുന്നു ദു
ഷ്പുരുഷരാണു കൃതഘ്നരതോർക്കണം.

നലമിയന്നൊരു തെങ്ങുകൾ മുന്നമേ
ജലമൊഴിച്ചുവളർത്തുക മൂലമായ്
തലയിൽ നൻമധുരോദകപൂർണമാം
ഫലഗണത്തെ വഹിപ്പതുകാൺക നാം.

അകമലിഞ്ഞു തെളിഞ്ഞുതുണപ്പവർ

ക്കകലുഷം ചെറുതായ സഹായവും
പകരമായ് തുടരാത്തവനിൽപരം
പകയൊടും വിധിതന്നെ പഴിച്ചിടും.

പലസുഖങ്ങൾ നമുക്കുതരുന്ന സൽ
ഫലദനായിക ഭൂപതിതന്നിലും
ഉലകുതീർത്തൊരു ദേവനിലും ശരി
ക്കലഘുനന്ദിജനത്തിനുദിക്കണം.

## ഐകമത്യം

അതിശുഭകരമാകുമൈകമത്യ-
സ്ഥിതി കുറയാതെ മുറയ്ക്കു കൂടിവന്നാൽ
പ്രതിദിനമുളവായിടും നമുക്കീ-
ക്ഷിതിയിൽ മുറയ്ക്കഭിവൃദ്ധിയെന്നു സിദ്ധം.

ഇടയരുതാരുനാളുമാരോടും നാ-
മിടയിലിളക്കവുമിന്നു യുക്തമല്ലാ.
സ്ഫുടരസമൊടുമൈക്യമത്യമാർന്നാൽ-
പടരുമനശ്വരമായ സൗഖ്യമെന്നും.

ഒരുവനിഹതനിച്ചുതന്നെ ചെയ്യു-
ന്നൊരുമഹിത ശ്രമവും ഫലത്തിനാകാ
ഒരുമയൊടുമനേകരൊത്തു ചെയ്താൽ-
വ്വിരുതൊടു കാര്യമുടൻ ഫലിക്കുമല്ലോ.

നലമൊടു ജനതയ്ക്കു പാർക്കിലാർക്കും
വിലപെരുകും ബലമൈകമത്യമത്രേ
ഉലകിലിഹ ഗൃഹാദിവസ്തുവെല്ലാം
പലജനമൊത്തു പണിഞ്ഞു തീർത്തതല്ലോ.

ഒരു ബലവുമുറപ്പുമേതുമറ്റു-
ള്ളൊരു ചെറുപുല്ലുകൾ ചേർത്തിണക്കിയെന്നാൽ
കരുതണമതിനാൽ കരീന്ദ്രരേയും
വിരുതൊടു കെട്ടിയുടൻ വശത്തിൽ നിർത്താം.

അരുതരുതു പിണക്കമേതവർക്കും
കരുതണമാരേയുമാത്മതുല്യരായി
കുരുനൃപതികൾ തമ്മിൽ മത്സരത്താൽ-
കുരുതികഴിച്ചിതു തൻ കുലത്തെ മുന്നം.

നിരവധി ഗുണമൈകമത്യമൂലം

ധരണിയേവനമൂത്ഭവിച്ചിടുന്ന
പരമൊരുമ കലർന്ന ഹൃണരിന്ത്യാ-
ഭരണവുമേറ്റതു കണ്ടതില്ലയോ നാം?

## വിനയം

മനസ്സിലേററം സുഖമാർന്നിടാനും
മനസ്വികൾക്കിഷ്ടമണപ്പതിന്നും
അനല്പമാകും വിനയംജഗത്തി-
ലനർഘചിന്താമണിതന്നെ നൂനം.

ക്ഷമാബലം പൂണ്ടുവസിച്ചിടുന്ന
സുമാനവർക്കെന്തിനു മററുശസ്ത്രം ?
ക്ഷമാതലത്തിൽ ബഹുനമ്രമേന്മേൽ
ക്രമാലുദിക്കും വിനയത്തിനാലേ.

അടക്കമെന്നുള്ള ഗുണത്തെയുള്ളി-
ലടക്കിവാഴും പുരുഷന്നു പാരിൽ
പടയ്ക്കുപോകാതെ രിപുക്കളാകും
പടുക്കളേക്കൂടി വശത്തിലാക്കാം.

ചൊടിച്ചസഭ്യങ്ങളുരച്ചു പല്ലും-
കടിച്ചുകയ്യോങ്ങിവരുന്ന വീരൻ
അടുക്കെനിൽക്കും സുധിശാന്തഭാവ-
മെടുക്കിലാമാന്യനൊടെന്തുചെയ്യും?

അഹങ്കരിക്കുന്ന ജനത്തിനെങ്ങും
മുഖംകരിഞ്ഞീടുമശങ്കമെന്നായ്
മഹത്ത്വമേറുന്നൊരു മാന്യവാക്കു
മനസ്സിലാക്കേണ്ടതുതന്നെയല്ലോ.

ശരിക്കെഴും താഴ്ചകലർന്നിടാതെ-
യൊരിക്കലും നാമുയരുന്നതല്ലാ
ധരിത്രിയിൽ താഴ്ചപെടുന്നവർക്കേ
സ്ഥരിക്കുമത്യുൽഗതിവന്നുചേരൂ.

പെരുത്തിടും ഗർവമനർഥമാർക്കും

വരുത്തുമെന്നുള്ളതു തീർച്ചതന്നെ
ഗുരുത്വമേറുന്ന വിനീതി ചേരു-
മൊരുത്തരും ദൂഷിതരാകയില്ല.

## സദാചാരം

സജ്ജനങ്ങൾ നടത്തും സദാചാര -
മിജ്ജനങ്ങളനുഷ്ഠിക്കുവാൻ സദാ
സജ്ജരാകിലോ ജീവിതയാത്രയിൽ
സജ്ജയം പൂണ്ടു സൗഖ്യത്തെ നേരിടാം

പണ്ടു പണ്ടേ മഹാത്മാക്കൾ ചെയ്വതി
ലുണ്ടു വേണ്ടുന്ന വൈശിഷ്ട്യമെന്നു നാം
കണ്ടനുഭവമില്ലാത്തതിലുൾ -
ത്തണ്ടിലെന്നും ദൃഢമായ് ധരിക്കണം

നിഷ്ഠുരത്വം പിടിക്കാതെ സന്മാർഗ-
നിഷ്ഠ പൂണ്ടു നിവസിപ്പി നേവരും
ദിഷ്ട ദോഷമതിനാലകന്നു മേൽ
ദൃഷ്ടമായീടുമെന്നും സുമംഗളം

പ്രാത: കാലത്തിലേ നാമെഴുന്നേറ്റു
പ്രീതരായ് ദേഹശുദ്ധി വരുത്തണം,
ചേതസാതൻ ഗുരുനാഥനേയുമാ
ത്താത മാതാക്കളേയും സ്മരിക്കണം

ഇക്കണക്കിൽ നാം കാണും ജഗത്തിനേ -
യൊക്കെയും ചമച്ചുള്ളോരു ദൈവത്തിൽ
ഉൾക്കളം ചേർത്തു സർവപ്രവൃത്തിയും
സൽ ക്രമത്തിൽ ശുചിയായ് നടത്തണം.

ഏത്തിനേറ്റം വിവേകം വരുത്തിടു -
മുത്തമങ്ങളാം ഗ്രന്ഥങ്ങളെ സ്വയം
നിത്യവും നാം പഠിക്കേണമെങ്കിലേ -
കൃത്യ ബോധം ശരിയായ് ഭവിച്ചിടൂ.

ശ്രോത്രദാരുണമാകുന്ന ദുർമൊഴി

ശത്രുവിനോടു മോതാതിരിക്കണം
അത്രയല്ല സമസ്ത ജനത്തൊടും
മിത്ര ഭാവത്തിൽ വർത്തിപ്പതുത്തമം

കൈവശത്തിങ്കലുള്ളതപരർക്കു
മാവതോളം സഹായമാക്കീടണം
ഏവരോടും പ്രിയ വാക്കുരയ്ക്കണം
ദൈവകോപത്തെ നാം ഭയന്നീടണം

**ശുചിത്വം**

എല്ലാവർക്കും വൃത്തിചേരും ശുചിത്വം
ചൊല്ലാർന്നീടും കാന്തിപൊന്തിച്ചിടുന്നു
ഫുല്ലാരോഗ്യം കൂടിടാനിന്നു മറ്റൊ-
ന്നില്ലാമർത്ത്യർക്കംഗശുദ്ധിക്കു തുല്യം.

മാലിന്യത്താൽ മാനവൻ രോഗബാധാ
മാലിന്നേറ്റം പാത്രമായ് തീർന്നുപോകും
മേലിൽ തെല്ലും ശുദ്ധി ചേരാത്തവണ്ണം
ശീലിക്കൊല്ലാ വൃത്തികെട്ടുള്ള മാർഗം.

പങ്കം പറ്റിപ്പോകിലാമാറ്റുകൂടും-
തങ്കത്തിന്നും കാന്തി കാണുന്നതില്ല
തങ്കൽക്ലാവും മറ്റുമേൽക്കാതിരുന്നാൽ
തങ്കുന്നല്ലോ പിച്ചളയ്ക്കും പ്രകാശം.

സത്തായീടും വൃത്തി ചേരുന്ന ദിക്കിൽ
ചിത്താനന്ദംപൂണ്ടു പൂമങ്ക നിത്യം
അസ്ത്രാശങ്കം കേളിയാടുന്നു; ശോഭാ-
വത്തായ് തീർന്നാലേതിലും പ്രീതികൂടും.

കണ്ടാൽ കൊള്ളില്ലെന്നു വന്നാലവറ്റ
യ്ക്കുണ്ടാകട്ടേ മറ്റു വേണ്ടും ഗുണങ്ങൾ
രണ്ടായാലും വൃത്തിയില്ലാതെ പോയാൽ
കൊണ്ടാടില്ലാമാനവന്മാരശങ്കം.

ചെമ്മേ തങ്ങൾക്കുള്ളതെല്ലാം വിശോധി-
ച്ചുന്മേഷത്തോടേറ്റവും വൃത്തിയാക്കി
തന്മേനിക്കും ശുദ്ധിചേർക്കുന്നതായാൽ
നന്മേ സ്വൈരം ലക്ഷ്മി താനേ വരിക്കും.

ആരോഗ്യം, ശ്രീ, പുഷ്ടി, സന്തുഷ്ടി,യായു-

ന്നോരോന്നേവം ചേർന്നിണക്കും ശുചിത്വം
നേരോട്ടും നാമാദരിക്കുന്നതായാൽ
സാരോൽക്കർഷം സർവഥാ വന്നുചേരും.

## ഉത്സാഹം

### ഓട്ടൻതുള്ളൽ

ദുസ്സാധകമെന്നാകിലുമുലകിൽ
സത്സാധകമാം കാര്യമശേഷം
നിസ്സാരതവിട്ടുള്ളൊരു സത്താ-
മുത്സാഹത്താൽ സാധിച്ചീടും.

നീണ്ടുകിടക്കും കടലിന്റെ മറുകര
പൂണ്ടു ധനങ്ങളെ നേടുന്നതിനും
കുണ്ടിനു കുന്നും കുന്നിനു കുഴിയും
രണ്ടും മാറ്റി മറിച്ചീടാനും

പക്ഷികണക്കുവിയത്തിൻ നടുവേ-
തൽക്ഷണമങ്ങു ചരിച്ചീടാനും
അക്ഷതമാററിയൊരുത്സാഹത്താ¬-
ലിക്ഷിതിതന്നിൽ പുരുഷനു സുലഭം.

അയ്യോ ദുർഘടമിതിലേർപ്പെട്ടാൽ
കയ്യോ കാലോ പൊയ്പ്പോയേക്കും
വയ്യായെന്നു ഭയന്നുമടിച്ചാ-
ലയാളെക്കൊണ്ടെന്തിനുകൊള്ളാം?

മേരുവിലെന്തു കടപ്പാൻ വിഷമം
വാരിധികുടിത്തരണം ചെയ്യാം.
പാരിലസാധ്യമായിട്ടൊന്നും
നേരൊട്ടുമുത്സാഹിപ്പവനില്ല.

കുഴിമടി പൂണ്ടൊരു മൂലയിലെന്നും
മിഴിയുമടച്ച കിടന്നാൽ പോരാ
വഴിയും മുത്തൊട്ടുമുത്സാഹികളായ്
കഴിയുംമാതിരി യത്നിക്കേണം.

കാലേക്കുട്ടി മുറയ്ക്കുത്സാഹ-
ത്താലേ ചെയ്‌വതു ഫലവത്താകും
ആലോചിക്കുവിനുത്സാഹിപ്പവ-
നീലോകത്തിൽ സുലഭമശേഷം.

ചൊല്ലാളുന്ന സമുത്സാഹം പൂ-
ണ്ടുല്ലാസത്തോടു വർത്തിച്ചവരിൽ
സല്ലാളിതമാം മംഗള സമുദയ-
മെല്ലാസമയവുമുളവായീടും.

## പൗരുഷം

പാരിച്ചപൗരുഷമിയന്ന ജനത്തിനിഷ്ടം
പൂരിപ്പതിന്നൊരു ഞെരുക്കവുമേൽക്കയില്ല
പാരിൽ പഠിപ്പുധനമെന്നിവയൊക്കെവന്നു
ചേരുന്നു പുരുഷനു പൗരുഷമൊന്നിനാലേ

ആണത്തമോടുമനുജൻ തുടരുന്നതെല്ലാ-
മാണത്തലെന്നിയെമുറയ്ക്കു ഫലിപ്പതിപ്പോൾ
വേണ്ടുന്നതൊക്കെവഴിപോലിഹ വന്നുചേരാൻ
വേനം ജഗത്തിലിഹ പൗരുഷമേതവർക്കും.

ദൈവപ്രമാണമഖിലത്തിനുമെന്നുറച്ച
പാവം കണക്കിഹ പരുങ്ങൽ നടിച്ചുവാണാൽ
ഏവർക്കുമോർക്കിലൊരു കാമിത സിദ്ധിപോലും
കൈവന്നുന്നതിനു തെല്ലുമെളുപ്പമില്ല

ആവശ്യമുള്ളതഖിലം നിജപൗരുഷത്താൽ
വൈവശ്യമേതുമിയലാതെ വശത്തിലാക്കാം
ഏവം ഹൃദിസ്ഥിരത പൂണ്ടു പരിശ്രമിച്ചാൽ
ദൈവത്തിനും നിയതമായതു ബോധ്യമാവും.

ഇപ്പാരിലേറിയ ബലം കലരുന്ന റഷ്യ-
യ്ക്കുൽപ്പാതമുൽക്കടമിയറ്റിയ പൗരുഷത്താൽ
ജപ്പാൻഭടാഗ്രണികൾ വെന്നു വിശങ്കയെന്യേ
കെൽപ്പാർന്നിട്ടും വിജയഭേരി മുഴക്കിയല്ലോ.

എല്ലാം നമുക്കു വിധിപോലെ വരട്ടെയെന്തെ-
ന്നില്ലാതെയെങ്ങനെ നിനച്ചു മടിച്ചിടാതെ
ചൊല്ലാളിട്ടും പെരിയ പൗരുഷമാശ്രയിപ്പോർ-
ക്കുല്ലാസമോടഖിലവും സഫലീഭവിക്കും.

ശുഭം

പ്രസാധകർ

താളിളക്കം